**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 467** **02-02-2023 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി താലൂക്ക് ആശുപത്രി നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നവീകരണത്തിന് ഇൻക്കലിനെ ഏജൻസിയായി നിയമിച്ച് കൊണ്ട് കിഫ്ബി തയാറാക്കിയ പദ്ധതിക്കുള്ള അംഗീകാരം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ നവീകരണത്തിനായി ഭരണവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയായ ഇൻകെൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ടിന്റെ അവലോകനം പൂർത്തിയാക്കി ഫെബ്രുവരി മാസം നടത്താൻ ഉദ്ദേശിക്കുന്ന കിഫ്ബിയുടെ എക്സിക്യൂട്ടീവ്/ ബോർഡ് യോഗത്തിൽ വച്ച് അംഗീകാരം നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി അംഗീകാരം നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി.കൾക്കാണ്. കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ നവീകരണത്തിനായി കിഫ്ബി ധനാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ടി പദ്ധതിയ്ക്ക് സാങ്കേതിക അനുമതി ലഭ്യമാക്കി പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ എസ്. പി. വി. ആയ ഇൻകെൽ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ